**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 131** **11-10-2024 - ൽ മറുപടിയ്ക്ക്**

**പ്രൈമറി വിദ്യാർത്ഥികളുടെ മാനസിക, ശാരീരിക കഴിവുകൾ വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീമതി യു പ്രതിഭ ,<br>ഡോ. സുജിത് വിജയൻപിള്ള** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | പ്രൈമറി വിദ്യാർത്ഥികളുടെ മാനസിക, ശാരീരിക കഴിവുകൾ വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ട് പ്രത്യേക പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; അറിയിക്കുമോ; | (എ) | പ്രൈമറി വിദ്യാർത്ഥികളുടെ മാനസിക, ശാരീരിക കഴിവുകൾ വർദ്ധിപ്പിക്കുവാനും കുട്ടികളുടെ കായികവും ബൗദ്ധികവുമായ കഴിവ് വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെയും കായിക യുവജന കാര്യാലയവും, വിദ്യാഭ്യാസ വകുപ്പും എസ്.സി.ഇ.ആർ.റ്റി.- യുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയാണ് ഹെൽത്തി കിഡ്സ്. സംസ്ഥാനത്തെ ഹെൽത്തി കിഡ്സ് കേന്ദ്രങ്ങളുടെയും പ്ലേ ഫോർ ഹെൽത്ത് കേന്ദ്രങ്ങളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>കൂടാതെ പൊതു വിദ്യാഭ്യാസ വകുപ്പ് മുഖേന കിഡ്സ് അത്‌ലറ്റിക്സ് എന്ന പദ്ധതിയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രൈമറി വിദ്യാർത്ഥികൾക്ക് ആഴ്ചയിൽ മൂന്ന് പിരീഡുകൾ ശാരീരിക വ്യായാമങ്ങളിൽ ഏർപ്പെടുന്നതിന് അവസരം നൽകുന്നുണ്ട്. |
| (ബി) | പ്രൈമറി വിദ്യാർത്ഥികൾക്ക് ശാരീരിക വ്യായാമങ്ങളിൽ ഏർപ്പെടുന്നതിന് സംവിധാനമൊരുക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | പ്രൈമറി വിദ്യാർത്ഥികളുടെ മാനസിക, ശാരീരിക കഴിവുകൾ വർദ്ധിപ്പിക്കുവാനും കുട്ടികളുടെ കായികവും ബൗദ്ധികവുമായ കഴിവ് വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെയും കായിക യുവജന കാര്യാലയവും, വിദ്യാഭ്യാസ വകുപ്പും എസ്.സി.ഇ.ആർ.റ്റി.- യുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയാണ് ഹെൽത്തി കിഡ്സ്. സംസ്ഥാനത്തെ ഹെൽത്തി കിഡ്സ് കേന്ദ്രങ്ങളുടെയും പ്ലേ ഫോർ ഹെൽത്ത് കേന്ദ്രങ്ങളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>കൂടാതെ പൊതു വിദ്യാഭ്യാസ വകുപ്പ് മുഖേന കിഡ്സ് അത്‌ലറ്റിക്സ് എന്ന പദ്ധതിയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രൈമറി വിദ്യാർത്ഥികൾക്ക് |

| | | | |
|---|---|---|---|
| | | | ആഴ്ചയിൽ മൂന്ന് പിരീഡുകൾ ശാരീരിക വ്യായാമങ്ങളിൽ ഏർപ്പെടുന്നതിന് അവസരം നൽകുന്നുണ്ട്. |
| (സി) | സ്കൂളുകളിൽ അത്‌ലറ്റിക്സ് പരിശീലനത്തിനും ഫുട്ബോൾ പരിശീലനത്തിനുമായി ആവിഷ്കരിച്ച പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ; | (സി) | **13 വയസിൽ താഴെ പ്രായമുള്ള സ്കൂൾ വിദ്യാർത്ഥികൾക്ക് അത്ലറ്റിക്സിലും, ഫുട്ബോളിലും അടിസ്ഥാന പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതികളാണ് സ്പ്രിന്റ്, ഗോൾ എന്നിവ. ലോക നിലവാരത്തിലുള്ള അത്ലറ്റുകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര തലത്തിൽ കേരളത്തിന്റെ പ്രതാപം വീണ്ടെടുക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്രിന്റ്. സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള പ്രത്യേക ഫുട്ബോൾ പരിശീലന പരിപാടിയായ ഗോൾ പദ്ധതി സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലും നടപ്പിലാക്കുന്ന പദ്ധതിയാണ്. ഗോൾ പദ്ധതിയുടെ വ്യാപനത്തിന്റെ ഭാഗമായി കിക്കോഫ് പദ്ധതി ഗോൾ പദ്ധതിയിലേക്ക് ലയിപ്പിച്ചിട്ടുണ്ട്.** |
| (ഡി) | സ്കൂളുകളിൽ നടപ്പാക്കി വരുന്ന വിവിധ കായിക പരിശീലന പദ്ധതികളുടെ വിശദാംശം നൽകാമോ? | (ഡി) | കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികൾക്ക് വിവിധ കായിക ഇനങ്ങളിൽ പരിശീലനം നൽകുന്നതിനായി കായികയുവജനകാര്യാലയം മുഖേന വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കായികരംഗത്തിന്റെ സമഗ്രപുരോഗതി ലക്ഷ്യമിട്ട് വിവിധ കായിക ഇനങ്ങളിൽ തൽപരരായ കുട്ടികളെ ചെറുപ്രായത്തിൽ കണ്ടെത്തി ബാസ്കറ്റ് ബോൾ, അത്ലറ്റിക്സ്, ഫുട്ബോൾ, ജൂഡോ, ബോക്സിംഗ് എന്നീ കായിക ഇനങ്ങളിൽ അടിസ്ഥാന പരിശീലനം ലഭ്യമാക്കുന്നതിനായി കായിക യുവജനകാര്യാലയം മുഖേന ഗ്രാസ് റൂട്ട് പരിശീലന പരിപാടികളായ ഹൂപ്സ്, സ്പ്രിന്റ്, ഗോൾ, ജൂഡോക്ക, പഞ്ച് എന്നീ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. 2024-25 സാമ്പത്തികവർഷം മുതൽ പ്രസ്തുത പദ്ധതികൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ മുഖേനയാണ് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ഹെൽത്തി കിഡ്സ് കേന്ദ്രങ്ങൾ | | | |
|---|---|---|---|
| ക്ര.നം | ജില്ല | നിയമസഭാ മണ്ഡലം | കേന്ദ്രം |
| 1 | കണ്ണൂർ | ധർമ്മടം | DIET ലാബ് സ്കൂൾ |
| 2 | കാസർഗോഡ് | ഉദുമ | ജി.എൽ.പി.എസ്, പെരിയ |
| 3 | കോഴിക്കോട് | ബേപ്പൂർ | ജി.എം.എൽ.പി.എസ്, കരുവൻതുരുത്തി |
| 4 | മലപ്പുറം | നിലമ്പൂർ | ജി.എൽ.പി.എസ്, അമരമ്പലം |
| 5 | കോട്ടയം | സുൽത്താൻ ബത്തേരി | ജി.എൽ.പി.എസ്, ആണ്ടൂർ |
| 6 | തൃശ്ശൂർ | ചേലക്കര | ജി.എൽ.പി.എസ്, ചേലക്കര |
| 7 | ഇടുക്കി | ദേവികുളം | ജി.എൽ.പി.എസ്, ദേവികുളം |
| 8 | എറണാകുളം | പരവൂർ | ജി.എൽ.പി.എസ്,ഇലന്തിക്കര |
| 9 | കോഴിക്കോട് | കോഴിക്കോട് സൗത്ത് | ജി.എൽ.പി.എസ്, കിനാശ്ശേരി |
| 10 | പാലക്കാട് | ചിറ്റൂർ | ജി.എൽ.പി.എസ്, കോഴിപ്പാറ |
| 11 | തൃശ്ശൂർ | ഇരിങ്ങാലക്കുട | ജി.എൽ.പി.എസ്, നടവരമ്പ് |
| 12 | പാലക്കാട് | തൃത്താല | ജി.എൽ.പി.എസ്,നയ്യൂർ |
| 13 | എറണാകുളം | വൈപ്പിൻ | ജി.എൽ.പി.എസ്, പള്ളിപോർട്ട് |
| 14 | എറണാകുളം | കളമശ്ശേരി | ജി.എൽ.പി.എസ്, പനയിക്കുളം |
| 15 | തൃശ്ശൂർ | ഒല്ലൂർ | ജി.എൽ.പി.എസ്, പട്ടിക്കാട് |
| 16 | കോട്ടയം | പൂഞ്ഞാർ | ജി.എൽ.പി.എസ്, പൂഞ്ഞാർ |
| 17 | തിരുവനന്തപുരം | നേമം | ജി.എൽ.പി.എസ്, പൂങ്കുളം |

| | | | |
|---|---|---|---|
| 18 | മലപ്പുറം | താനൂർ | ജി.എൽ.പി.എസ്, താനൂർ |
| 19 | പാലക്കാട് | ഒറ്റപ്പാലം | ജി.എൽ.പി.എസ്, എലുമ്പിലശ്ശേരി |
| 20 | ഇടുക്കി | ഇടുക്കി | ജി.എൽ.പി.എസ്, വാഴത്തോപ്പ് |
| 21 | തിരുവനന്തപുരം | തിരുവനന്തപുരം | ജി.യു.പി.എസ്, ബീമാപ്പള്ളി |
| 22 | കണ്ണൂർ | തളിപ്പറമ്പ് | ജി.യു.പി.എസ്, മൊറാഴ |
| 23 | കോഴിക്കോട് | എലത്തൂർ | ജി.യു.പി.എസ്, പടിഞ്ഞാറ്റുമുറി |
| 24 | ആലപ്പുഴ | ചെങ്ങന്നൂർ | ജി.യു.പി.എസ്, പെണ്ണുക്കര |
| 25 | തിരുവനന്തപുരം | നെടുമങ്ങാട് | ജി.എൽ.പി.എസ്, നെടുമങ്ങാട് |
| 26 | ആലപ്പുഴ | മാവേലിക്കര | ഗവ.ന്യൂ എൽ.പി.എസ്, കലിമേൽ |
| 27 | കോട്ടയം | ഏറ്റുമാനൂർ | ഗവ.നോർത്ത് എൽ.പി.എസ്, കുമരകം |
| 28 | കൊല്ലം | കൊട്ടാരക്കര | ജി.എൽ.പി.എസ്, വാളകം |
| 29 | കൊല്ലം | ചടയമംഗലം | ജി.എൽ.പി.എസ്, വെളിനല്ലൂർ |
| 30 | ആലപ്പുഴ | അരൂർ | എസ്.സി.എസ് എച്ച്.എസ്, വളമംഗലം |

| പ്ലേ ഫോർ ഹെൽത്ത് കേന്ദ്രങ്ങൾ | | | |
|---|---|---|---|
| ക്ര.നം | ജില്ല | നിയമസഭ മണ്ഡലം | കേന്ദ്രം |
| 1 | കാസർഗോഡ് | കാഞ്ഞങ്ങാട് | ഗവ എൽ.പി.എസ്, കീക്കാംകോട്ട് |
| 2 | കണ്ണൂർ | ധർമ്മടം | ഗവ എൽ.പി.എസ്, മുഴപ്പിലങ്ങാട് |
| 3 | കണ്ണൂർ | കണ്ണൂർ | ഗവ മിക്സഡ് യു.പി.എസ്, തളാപ്പ് |
| 4 | കണ്ണൂർ | കൂത്തുപറമ്പ് | ട്രൈബൽ യു.പി.എസ്, കണ്ണവം |
| 5 | കോഴിക്കോട് | പേരാമ്പ്ര | ഗവ എൽ.പി.എസ്, വടക്കുമ്പാട് |
| 6 | വയനാട് | കൽപ്പറ്റ | ഗവ എൽ.പി.എസ്, കല്ലൂപാടി |
| 7 | മലപ്പുറം | പൊന്നാനി | ഗവ ഫിഷറീസ് എൽ.പി.എസ്, വെളിയംകോട് |
| 8 | മലപ്പുറം | തവനൂർ | ഗവ എൽ.പി.എസ്, എടപ്പാൾ |
| 9 | മലപ്പുറം | ഏറനാട് | ജി.എം. യു.പി.എസ്, അരീക്കോട് |

| | | | |
|---|---|---|---|
| | പാലക്കാട് | തരൂർ | ഗവ എൽ.പി.എസ്, പുതുക്കോട് |
| 11 | തൃശ്ശൂർ | കുന്നംകുളം | ഗവ എൽ.പി.എസ്, കടങ്ങോട് |
| 12 | തൃശ്ശൂർ | പുതുക്കാട് | ഗവ എൽ.പി.എസ്, മുക്കത്തുകര |
| 13 | തൃശ്ശൂർ | തൃശ്ശൂർ | ഗവ എൽ.പി.എസ്, മറ്റത്തൂർ |
| 14 | എറണാകുളം | തൃപ്പൂണിത്തുറ | ഉദയംപേരൂർ വെളിയംകോട് വി.ജെ.ബി സ്കൂൾ |
| 15 | ഇടുക്കി | ഉടുമ്പൻചോല | ഗവ എൽ.പി.എസ്, മുണ്ടിയെരുമ |
| 16 | ആലപ്പുഴ | ഹരിപ്പാട് | ഗവ എൽ.പി.എസ്, നങ്ങ്യാർകുളങ്ങര |
| 17 | ആലപ്പുഴ | ആലപ്പുഴ | ഗവ എൽ.പി.എസ്, പെരുന്നേർമംഗലം |
| 18 | ആലപ്പുഴ | ചേർത്തല | ഗവ എൽ.പി.എസ്, ചക്കരകുളം |
| 19 | ആലപ്പുഴ | അമ്പലപ്പുഴ | ഗവ എൽ.പി.എസ്, അമ്പലപ്പുഴ |
| 20 | പത്തനംതിട്ട | തിരുവല്ല | ഗവ എൽ.പി.എസ്, അമ്പലത്തുകാൽ |
| 21 | കൊല്ലം | കുണ്ടറ | ഗവ ഗോപികാസദനം എൽ.പി.എസ്, പേരൂർ |
| 22 | കൊല്ലം | പുനലൂർ | ഗവ എൽ.പി.എസ്, അറാംപ്പന്ന |
| 23 | കൊല്ലം | കാഞ്ഞിരപ്പള്ളി | ഗവ എച്ച്.എസ്.എസ്, നെടുങ്കുന്ന് |
| 24 | തിരുവനന്തപുരം | കഴക്കൂട്ടം | എൽ.പി.എസ്, കുളത്തൂർ |
| 25 | തിരുവനന്തപുരം | ചിറയിൻകീഴ് | ജി.എസ്.കെ.വി.എൽ.പി.എസ്, കഠിനംകുളം |

സെക്ഷൻ ഓഫീസർ